# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>കാർഷിക മേഖലയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>

3314 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
,, എളമരം കരീം
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 30 ശതമാനം പദ്ധതി വിഹിതം ഉൽപാദന മേഖലയ്ക്ക് ചിലവഴിക്കണമെന്ന നിബന്ധനയിൽ മാറ്റം വരുത്തിയ നടപടി കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതുമൂലം ഗ്രാമീണ മേഖലയിലെ കൃഷിയിടങ്ങൾ തരിശ്ശായി മാറുന്ന സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നയ സമീപനത്തിൽ പാളിച്ചകൾ ഉണ്ടോ; എങ്കിൽ തിരുത്താൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി</u>

3315 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്
'' ലൂഡി ലൂയിസ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിപണികളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലകളിലെ വിപണികളിൽ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളിലെ കാർഷിക മേഖലയെ ബാധിക്കുന്ന ശുപാർശകൾ

3316 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ കമ്മിറ്റിയോ കസ്തൂരി രംഗൻ കമ്മിറ്റിയോ ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റിയോ പശ്ചിമഘട്ട പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി കേരളത്തിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥരുമായോ കാർഷിക സർവ്വകലാശാലയിലെ കൃഷി ശാസ്ത്രജ്ഞൻമാരുമായോ ഔദ്യോഗികമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ;

(ബി) ആശയവിനിമയം നടത്തിയിട്ടുണ്ടെങ്കിൽ എവിടെ വച്ചാണ് കൂടിക്കാഴ്ചകൾ നടന്നതെന്നും പ്രസ്തുത കമ്മിറ്റി മുമ്പാകെ പശ്ചിമഘട്ട പ്രദേശങ്ങളിലെയും പശ്ചിമഘട്ട പ്രദേശങ്ങളോടു ചേർന്നുളള പ്രദേശങ്ങളിലെയും കാർഷിക മേഖലയെ സംബന്ധിക്കുന്ന എന്തെല്ലാം വിഷയങ്ങളാണ് കമ്മിറ്റിയെ ധരിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച് പ്രസ്തുത കമ്മിറ്റികൾക്ക് നൽകിയ അഭിപ്രായക്കുറിപ്പുകൾ ലഭ്യമാക്കുമോ;

(സി) ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റികളുടെ റിപ്പോർട്ടുകളുടെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2013 നവംബർ – 16 ലെ വിജ്ഞാപനത്തിന്റെയും പശ്ചാത്തലത്തിൽ പശ്ചിമഘട്ട പ്രദേശങ്ങളിലെ കാർഷിക മേഖലയെ ഈ റിപ്പോർട്ടുകൾ ഏതെല്ലാം തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്നു സംസ്ഥാനത്തിലെ കൃഷിവകുപ്പോ കാർഷിക സർവ്വകലാശാലയോ എന്തെങ്കിലും പരിശോധന നടത്തുകയുണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത പരിശോധനയുടെ വെളിച്ചത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട്, 2013 നവംബർ-16 ന്റെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയ വിജ്ഞാപനം എന്നിവ പശ്ചിമഘട്ട പ്രദേശങ്ങളിലെ കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കുമെന്നാണ് കൃഷിവകുപ്പ് വിലയിരുത്തുന്നത്; വ്യക്തമാക്കുമോ

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>കുട്ടനാട്, ഇടുക്കി, വയനാട് കാർഷിക പാക്കേജുകൾ</u>

3317 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് എന്നിവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികളുടെ നടത്തിപ്പിലെ പിഴവുകൾ ആവർത്തിക്കാതെയും കേന്ദ്രഫണ്ട് നഷ്ടപ്പെടാതെയും സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>ഇടുക്കി പാക്കേജിന്റെ ഘടകപദ്ധതി പ്രവർത്തനങ്ങൾ</u>

3318 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിന് അംഗീകാരം ലഭിച്ചത് എപ്പോഴാണ്; എത്ര തുകയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്;

(ബി) ഇടുക്കി പാക്കേജിൽ ഉൾപ്പെട്ട ഘടകപദ്ധതികൾ ഏതെല്ലാമാണ്; ഓരോ ഘടകപദ്ധതിക്കും നീക്കിവച്ച തുക എത്ര വീതമാണ്;

(സി) ഇടുക്കി പാക്കേജിന്റെ നിബന്ധനകൾ പ്രകാരം പദ്ധതി കാലാവധി കഴിഞ്ഞാൽ പദ്ധതിതുക ചെലവഴിക്കുവാൻ വ്യവസ്ഥയുണ്ടോ;

(ഡി) ഇതിനോടകം ഇടുക്കി പാക്കേജിന്റെ ഏതെല്ലാം ഘടക പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു;

(ഇ) പൂർത്തീകരിച്ചുകഴിഞ്ഞ ഓരോ ഘടകപദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുകഴിഞ്ഞു;

(എഫ്) പൂർത്തീകരിക്കാത്ത ഘടകപദ്ധതികൾ ഏതെല്ലാമാണ്;

(ജി) പൂർത്തീകരിക്കാത്ത ഓരോ ഘടകപദ്ധതികൾക്കും നീക്കിവച്ച തുക എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു; ഇപ്പോൾ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(എച്ച്) ഇടുക്കി പാക്കേജ് പ്രകാരം ഇനിയും ആരംഭിക്കാത്ത ഘടകപദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത ഘടകപദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണ്; പദ്ധതി കാലാവധി കഴിഞ്ഞാൽ ഈ തുക വിനിയോഗിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദീകരണം നൽകുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>കുട്ടനാട് പാക്കേജിന്റെ വിവിധഘട്ടങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ</u>

3319 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തിയായോ; ഒന്നാംഘട്ടത്തിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നതെന്ന് വിശദമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ച തുക എത്ര എന്നും ഇതിൽ ചിലവഴിച്ചത് എത്ര എന്നും വിശദമാക്കാമോ;

(സി) കുട്ടനാട് പാക്കേജിൽ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികൾ പൂർത്തിയായെന്നും, ഏതെല്ലാം പദ്ധതികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണം, ജലസേചനം, ഫിഷറീസ്, പരിസ്ഥിതി, എസ്. എച്ച്.എം. വകുപ്പുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലും ആലപ്പുഴ നഗരസഭയിലും പ്രത്യേക പാക്കേജുകൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>വയനാട് പാക്കേജിന്റെ ഘടക പദ്ധതികൾ</u>

3320 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിന് അംഗീകാരം ലഭിച്ചത് എപ്പോഴാണ്;

(ബി) എത്ര തുകയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്;

(സി) വയനാട് പാക്കേജിൽ ഉൾപ്പെട്ട ഘടകപദ്ധതികൾ ഏതെല്ലാമാണ്; ഓരോ ഘടകപദ്ധതിക്കും നീക്കിവച്ച തുക എത്രയാണ്;

(ഡി) വയനാട് പാക്കേജിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്;

(ഇ) വയനാട് പാക്കേജിന്റെ നിബന്ധനകൾ പ്രകാരം, പദ്ധതി കാലാവധി കഴിഞ്ഞാൽ പദ്ധതി തുക ചിലവഴിക്കുവാൻ വ്യവസ്ഥയുണ്ടോ;

(എഫ്) ഇതിനോടകം വയനാട് പാക്കേജിന്റെ ഏതെല്ലാം ഘടക പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു;

(ജി) പൂർത്തീകരിച്ചു കഴിഞ്ഞ ഓരോ ഘടകപദ്ധതിക്കും എത്ര തുക വീതം ചിലവഴിച്ചു;

(എച്ച്) പൂർത്തീകരിക്കാത്ത ഘടകപദ്ധതികൾ ഏതെല്ലാമാണ്;

(ഐ) പൂർത്തീകരിക്കാത്ത ഓരോ ഘടക പദ്ധതി നീക്കിവച്ച തുക എത്ര; ഇതുവരെ എത്ര തുക ചിലവഴിച്ചു; ഇപ്പോൾ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ജെ) വയനാട് പാക്കേജ് പ്രകാരം ഇതിനകം ആരംഭിക്കാത്ത ഘടക പദ്ധതികൾ ഏതെല്ലാമാണ്;

## കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

(കെ) പ്രസ്തുത പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണ്;

(എൽ) പദ്ധതി കാലാവധി കഴിഞ്ഞാൽ ഈ തുക വിനിയോഗിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൃഷി വകുപ്പിന്റെ പദ്ധതികളുടെ നോഡൽ ഏജൻസിയായി 'കെയ്കോ'</u>

3321 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെയ്കോയെ പ്രഖ്യാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കെയ്കോ സബ്സിഡിയറി കമ്പനികൾക്കായി മുടക്കിയിരിക്കുന്ന തുക തിരികെ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സമഗ്രമായ പാക്കേജ്</u>

3322 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാടും പാലക്കാടും കേന്ദ്രീകരിച്ച് ഇത്തരത്തിൽ സമഗ്രമായ ഒരു പാക്കേജിന് സർക്കാർ രൂപം നൽകുമോ;

(സി) ഇപ്രകാരം ഉല്പാദിക്കപ്പെടുന്ന നെല്ല് സർക്കാർ നേരിട്ട് സംഭരിക്കുന്നതിനും അരിയാക്കി വിതരണം ചെയ്യുന്നതിനുമുളള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>നെൽകൃഷി വ്യാപിപ്പിക്കാൻ പദ്ധതി</u>

3323

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നതും നെൽപ്പാടങ്ങൾ വ്യാപകമായ തോതിൽ മണ്ണിട്ട് നികത്തി രൂപഭേദം വരുത്തുന്നതുമായ
കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെൽവയലുകൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തൊക്കെ നിയമങ്ങളാണുള്ളത്; നെൽവയലുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാനും, ശാസ്ത്രീയ രീതിയിൽ യന്ത്രവൽകൃതമായി നെൽകൃഷി വ്യാപിപ്പിക്കുന്നതിനും, കൃഷിവകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നെല്ലുല്പാദനത്തിന്റെ കണക്ക്</u>

3324 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2012, 2013 വർഷങ്ങളിൽ ആകെ ഉല്പാദിപ്പിച്ച നെല്ലിന്റെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി

3325 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി കർഷകരായ ഗുണഭോക്താക്കൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് ലഭിക്കാത്തതിന്റെ ഫലമായി അവയുടെ പ്രവർത്തനം നിലച്ചിട്ടുള്ളതുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന കൃഷിനാശം തടയുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) വൈദ്യുതി വകുപ്പുമായി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>നെൽവയലുകളുടെ കണക്കുകൾ</u>

3326 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ നെൽവയലുകളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്യുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നെൽവയലുകളുടെ ജില്ലതിരിച്ചുളള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പേരാമ്പ്ര ആവളപാണ്ടി നെൽകൃഷി വികസന പദ്ധതി</u>

3327 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ആവളപാണ്ടി നെൽകൃഷി വികസന പദ്ധതിക്കുവേണ്ടി എത്ര രൂപ അനുവദിച്ചുവെന്നും ഇതുവരെയായി എത്ര രൂപ ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ നെൽപ്പാടങ്ങളിലെ കീടബാധ</u>

3328 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നെൽപാടങ്ങളിൽ വ്യാപകമായ കീടബാധയുണ്ടെന്ന് പടന്നക്കാട് കാർഷിക കോളേജിന്റെ നേതൃത്വത്തിലുള്ള കീടബാധ ജാഗ്രത സമിതിയുടെ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇലചുരുട്ടിപ്പുഴു, മുഞ്ഞ തുടങ്ങിയവയുടെ ആക്രമണത്തിൽ ഉൽപാദനം 60 ശതമാനം കുറയുമെന്ന് ജാഗ്രതാ സമിതി കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജൈവകൃഷി ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ഇരുപതോളം പാടശേഖരങ്ങൾ കീടാക്രമണ പിടിയിലായ സാഹചര്യത്തിൽ കൃഷിഭവൻ മുഖേന ജൈവ കീടനാശിനികൾ വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ നെല്ല് ഉത്പാദനം</u>

3329 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെല്ലുത്പാദനത്തിലുള്ള പുരോഗതി സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ നെല്ല് ഉത്പാദനത്തിലുണ്ടായ വർദ്ധനവ്/കുറവ് എന്നിവ സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ കൃഷിനാശത്തിനുള്ള ധനസഹായ വിതരണം</u>

3330 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ കൃഷിനാശം സംഭവിച്ചു; ഏതെല്ലാം ഇനത്തിൽപ്പെട്ട കൃഷികളാണ് നശിച്ചത്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(ബി) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകർ നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകുകയുണ്ടായി; ഏതൊക്കെ വിള നശിച്ചതിന്റെ പേരിലാണ് അപേക്ഷകൾ നൽകപ്പെട്ടത്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(സി) അപ്രകാരം ലഭിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) എത്ര രൂപ ധസഹായം അനുവദിച്ചു; താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ കാർഷിക നഷ്ടം</u>

3331 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചാ കാലഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ 307 ലക്ഷം രൂപയുടെ കാർഷിക നഷ്ടം സംഭവിച്ചതിൽ ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) വരൾച്ചാ കാലയളവിൽ കുട്ടനാട്ടിലെ കാർഷിക നഷ്ടം സംബന്ധിച്ചും അനുവദിച്ച തുക സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ മടവീഴ്ച മൂലം കുട്ടനാട്ടിലെ ഏതെല്ലാം പാടശേഖരങ്ങളിൽ എത്ര തുകയുടെ കൃഷി നഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) മടവീഴ്ച മൂലം നഷ്ടം ഉണ്ടായ കർഷകർക്കുള്ള ധനസഹായം അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വൈക്കം താലൂക്കിലെ വരൾച്ചമൂലമുള്ള കൃഷിനാശം</u>

3332 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ വരൾച്ചമൂലമുണ്ടാകുന്ന കൃഷി നാശം നേരിടുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ വർഷം വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകിയതായി ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) ഈ വർഷത്തെ വരൾച്ചയിൽ വൈക്കത്തെ ഏതെല്ലാം പ്രദേശങ്ങളിൽ ഓരുവെള്ളം കയറി കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

വൈക്കം മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കാൻ നടപടി

3333 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ കൃഷിഭവനുകൾക്ക് കീഴിലും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര ഹെക്ടർ വീതം തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി എന്ന് വെളിപ്പെടുത്തുമോ;

(ബി) തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ എന്തെല്ലാം പ്രോത്സാഹന നടപടികളാണ് വകുപ്പ് നൽകുന്നതെന്നും ഇത് എത്ര മാത്രം പ്രയോജനകരമായിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ;

(സി) തരിശു കിടന്ന നിലങ്ങൾ കൃഷി ചെയ്ത് തുടങ്ങിയ ശേഷം തുടർച്ചയായി കൃഷി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വൈക്കം നിയോജകമണ്ഡലത്തിലെ കൃഷി ഭവനുകൾക്ക് കീഴിൽ വർഷംതോറും നെല്ലുത്പാദനം വർദ്ധിക്കുന്നതായി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി</u>

3334 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിത ഉപയോഗം മൂലമുണ്ടാവുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം</u>

3335 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവൻ മുഖേന കർഷകർക്ക് നൽകുന്ന ജൈവ വളം ഗുണനിലവാരം ഉള്ളതാണോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) കൃഷി ഭവൻ മുഖേന നൽകുന്ന സ്റ്റെറാമിൻ, എക്സൽമിൻ, മീൻ വളം എന്നിവയിൽ പൂഴിയും മണലും മണ്ണും ടയർ കഷണങ്ങളുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണമേന്മാ പരിശോധന നടത്തി ഗുണനിലവാരമുള്ള വളം കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകൾ</u>

3336 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഹോർട്ടികോർപ്പിന്റെ എത്ര ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) 2011-2012, 2012-2103 സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവ് എത്ര വീതം ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോർട്ടികോർപ്പ് വഴി പച്ചക്കറി വില നിയന്ത്രണം നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര തുക സർക്കാർ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 2011 മുതൽ ഹോർട്ടികോർപ്പിന്റെ എത്ര ഔട്ട്ലെറ്റുകളും ഫ്രാഞ്ചൈസികളും നിറുത്തലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനത്തിനു പദ്ധതി</u>

3337 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൗസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനത്തിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വഴി ഉത്പാദനത്തിൽ പ്രകടമായ മുന്നേറ്റം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കൃഷി പ്രോത്സാഹിപ്പിക്കാൻ കാർഷിക ക്ലബ്ബുകൾ

3338

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി കൂടാതെ മറ്റു കൃഷികളും, പച്ചക്കറികൃഷികളും പ്രോത്സാഹിപ്പിക്കുന്നതിനും, ജനകീയമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ കോമ്പൗണ്ടുകളിൽ വിദ്യാർത്ഥികളുടെ കൃഷിത്തോട്ടങ്ങളും പച്ചക്കറികൃഷിയും വ്യാപകമാക്കുന്നതിന് സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, മികച്ച വിളവ് നേടുന്ന സ്കൂളുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾ</u>

3339 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പ് മുഖേന എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

**തൃശ്ശൂർ ജില്ല കോൾപ്പാട സംരക്ഷണ പാക്കേജ്**

3340 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾപ്പാടങ്ങളുടെ സംരക്ഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികളാണു നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കോൾമേഖലയിലെ കർഷകർക്ക് വർദ്ധിപ്പിച്ച ഉത്പാദന ബോണസ്സും, പമ്പിംഗ് സബ്സിഡി കുടിശ്ശികയും വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, നാളിതുവരെ എത്ര തുക നൽകിയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഇ) നാളിതുവരെ ഏതെല്ലാം പ്രോജക്റ്റുകൾക്ക് അന്തിമാംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>സഹസ്ര സരോവര്‍ പദ്ധതി</u>

3341 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'വരുംതലമുറക്ക് ഒരു കുമ്പിള്‍ ശുദ്ധജലം' എന്ന ലക്ഷ്യത്തില്‍ സംസ്ഥാന കൃഷി വകുപ്പ് ആവിഷ്കരിച്ച 'സഹസ്ര സരോവര്‍ പദ്ധതി'യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുളങ്ങളുടെ പുനരുദ്ധാരണംവഴി ഭൂജല സംരക്ഷണം, മത്സ്യകൃഷി, പച്ചക്കറി കൃഷി, തരിശുനിലരഹിത കേരളം മുതലായ മേഖലകളിലുണ്ടായ നേട്ടങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പുനരുദ്ധരിച്ച കുളങ്ങളുടെയും ചിലവഴിച്ച ഫണ്ടിന്റെയും വിശദവിവരം വ്യക്തമാക്കുമോ;

(ഇ) മുഴുവന്‍ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കില്‍ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി മാഞ്ഞാലിത്തോടിന്റെ സംരക്ഷണം</u>

3342 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷികമേഖലയിലെ ജലസേചനത്തിൽ മുഖ്യപങ്കുവഹിക്കുന്ന അങ്കമാലി മാഞ്ഞാലിത്തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റി തോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, കാർഷികമേഖല ആശ്രയിക്കുന്ന ഈ തോടുകൾ പുനരുദ്ധരിക്കുന്നതിനായി അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

നരിക്കുഴി ചിറക്കാമറ്റം തോടിന്റെ സംരക്ഷണ പ്രവർത്തനം

3343 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷിവികസന പദ്ധതിയിൽപ്പെടുത്തി നബാർഡിന്റെ സഹായത്തോടുകൂടി മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ നരിക്കുഴി ചിറക്കാമറ്റം തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച 7.65 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കാലവർഷക്കെടുതിയും കൃഷിനാശവും കടാശ്വാസ ധനവിതരണവും

3344 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിലും മറ്റ് പ്രകൃതിക്ഷോഭത്തിലും കർഷകർക്ക് വന്നുചേർന്നിട്ടുള്ള വിളനാശത്തെ സംബന്ധിച്ച്/വസ്തുനഷ്ടത്തെ സംബന്ധിച്ച് സ്ഥിതിവിവരകണക്ക് സർക്കാരിൽ ലഭ്യമാണോ; എങ്കിൽ അത് വർഷം തിരിച്ച്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര കർഷകർക്കാണ് കൃഷിനാശം/വിളനഷ്ടം സംഭവിച്ചത്; എണ്ണം ജില്ല തിരിച്ചും നിയോജക മണ്ഡലം തിരിച്ചും വ്യക്തമാക്കാമോ;

(സി) വിളനാശവും കൃഷിനാശവും സംഭവിച്ച കർഷകർക്ക് കടാശ്വാസമായി എത്ര രൂപ ചിലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് എത്ര ചിലവഴിച്ചു; വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് കടാശ്വാസത്തിനായി എത്ര കർഷകരിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച്, വർഷം തിരിച്ച് വിശദമാക്കാമോ;

(എഫ്) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം പരിഗണിച്ചു; എത്ര പേർക്ക് കടാശ്വാസം നൽകി; എത്ര പേരുടെ അപേക്ഷ ഇനി തീർപ്പാക്കാനുണ്ട്;

(ജി) കൃഷിനഷ്ടം പരിഹരിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുകയുടെ സഹായത്തിനായി കേന്ദ്രത്തിൽ അപേക്ഷ നൽകി; കേന്ദ്രം എത്ര തുക അനുവദിച്ചു; വർഷം തിരിച്ച് വ്യക്തമാക്കാമോ;

(എച്ച്) ആവശ്യപ്പെട്ടത്രയും തുക അനുവദിച്ചു കിട്ടിയോ; ഇല്ലെങ്കിൽ അത് അനുവദിച്ചു കിട്ടാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കര്‍ഷക കടാശ്വാസം സംബന്ധിച്ച സര്‍ക്കാര്‍ നിലപാട്

3345 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, ഇ.പി. ജയരാജന്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വയനാട് ജില്ലയിലുള്ളവരുടെ 2011 ഒക്ടോബര്‍ 31 വരെയുള്ള കടങ്ങള്‍ക്ക് ആശ്വാസം നല്‍കിയതുപോലെ മറ്റ് ജില്ലകളിലേയ്ക്കും ആശ്വാസം നല്‍കണമെന്ന് കര്‍ഷക കടാശ്വാസ കമ്മീഷന്‍ സര്‍ക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സര്‍ക്കാര്‍ നിലപാട് അറിയിക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കാർഷിക കടാശ്വാസവും മൊറട്ടോറിയവും</u>

3346 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വായ്പകൾക്ക് ബാധകമാക്കിയിരുന്ന മൊറട്ടോറിയം നിലവിലുണ്ടോ ;

(ബി) കാർഷിക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത കടാശ്വാസം പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള കടാശ്വാസം അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കടബാധ്യത മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം</u>

3347 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിതള്ളിയ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടബാധ്യതയാൽ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പുനരുദ്ധാരണം</u>

3348 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ കോർപ്പറേഷന്റെ വികസനത്തിന് എത്ര തുക ചിലവഴിച്ചു ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ . പ്രസ്തുത തുക എന്തിനെല്ലാം ചിലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കൊടുക്കാനുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) നിലവിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ</u>

3349 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി യു. എൻ. ജനറൽ അസംബ്ലി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം തേടാനുള്ള പദ്ധതികൾക്ക് രൂപം നല്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'നിറവ്' പദ്ധതി നടപ്പാക്കിയ നിയോജക മണ്ഡലങ്ങൾ

3350 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ 'നിറവ്' പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 വർഷം പ്രസ്തുത പദ്ധതി നടപ്പാക്കിയ 30 നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 30.12.2013 വരെ പ്രസ്തുത പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും ഏതെല്ലാം പരിപാടികൾക്കായി എത്ര തുക വീതം ചെലവാക്കിയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'നിറവ്' പദ്ധതി

3351 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ മണ്ഡലത്തിലേയ്ക്കും എത്ര ഫണ്ടാണ് നീക്കിവെച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ തയ്യാറാക്കുന്നതിന് ആരെയാണു ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയ മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം നടത്തുവാനും, ആവശ്യമായ ഫണ്ട് അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ 'നിറവ്' പദ്ധതി</u>

3352 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതി കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരി അസംബ്ലിമണ്ഡലത്തിലെ 'നിറവ്' പദ്ധതി

3353 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതി പ്രകാരം ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഓരോ വകുപ്പും ഏതേതു പദ്ധതിപ്രകാരം എത്ര തുക വീതം ഓരോ വർഷവും ചിലവഴിച്ചു എന്ന വിവരം ലഭ്യമാക്കാമോ;

(ബി) 2014-15 വർഷത്തേക്കുളള പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>'ആത്മ' പദ്ധതി</u>

3354 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആത്മ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ഇതിനകം നടപ്പാക്കിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ ഇതിനായി സംസ്ഥാനത്തിന് സാമ്പത്തിക സഹായങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(ഡി) 'ആത്മ' പദ്ധതി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പാക്കുന്നത്; മൃഗ-ക്ഷീര-മത്സ്യ മേഖലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പഴം-പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി</u>

3355 ശ്രീ. റ്റി.യു. കുരുവിള
,, സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ വിവിധ ഏജൻസികളെ ശക്തിപ്പെടുത്തി പഴം-പച്ചക്കറി വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷക്കാലത്ത് സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന പഴം-പച്ചക്കറികളുടെ വിലനിലവാരം മാസാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(ഡി) പഴം-പച്ചക്കറി പൂഴ്ത്തിവയ്പ്പ് തടയുന്നതിനും ഇവയിൽ മാരകമായ വിഷപ്രയോഗം നടത്തുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനപദ്ധതി</u>

3356 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നാളീകേര വികസന ബോർഡ്</u>

3357 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളീകേര കർഷകരുടെ പുരോഗതിക്കായി നാളീകേര വികസന ബോർഡുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ നൽകുന്ന സഹായം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ;

(സി) നാളീകേര ക്ലസ്റ്റർ യൂണിറ്റുകളും കമ്പനികളും രൂപീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത്;

(ഡി) ഗുണമേൻമയുള്ള തൈകൾ കർഷകർക്ക് ലഭിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നാളികേര സംഭരണം</u>

3358 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ജി. എസ്. ജയലാൽ
'' ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിൽ ആകെ സംഭരിച്ച നാളികേരങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് നാഫെഡ് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) നാളികേര സംഭരണത്തിലെ വീഴ്ചമൂലം കേര കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2013-14 ൽ പച്ചത്തേങ്ങ സംഭരണത്തിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നാളീകേര വികസനത്തിന് വകയിരുത്തിയ തുക</u>

3359 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ നാളീകേര വികസനത്തിനായി 75 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം ഏതെല്ലാം പരിപാടികൾക്കായാണ് തുക വക കൊള്ളിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ 31.12.2013 വരെ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചിലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നുവെന്നും ഇതിനായി 2012-13 വർഷത്തിൽ എത്ര തുക സംസ്ഥാനത്ത് ആകെ ചിലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) 2013-14 വർഷത്തിൽ പുതുതായി ഏതെല്ലാം കൃഷിഭവനിൽ ഈ പരിപാടി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; 31.12.2013 വരെ ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>വിത്തുതേങ്ങയുടെ വില നിര്‍ണ്ണയം</u>

3360 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിവകുപ്പ് സംഭരിക്കുന്ന വിത്തുതേങ്ങയുടെ വില നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) വിത്തുതേങ്ങയുടെ വില നിശ്ചയിക്കുന്നതില്‍ വകുപ്പ് അനാസ്ഥ കാണിക്കുന്നതായി കൃഷിക്കാര്‍ക്കിടയില്‍ വ്യാപകമായി പരാതിയുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ കര്‍ഷകരുടെ ആശങ്ക പരിഹരിക്കുന്നതിന് വിത്തു തേങ്ങയുടെ വില നിര്‍ണ്ണയം നടത്തി ശേഖരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാമോ;

(ഡി) ഇല്ലെങ്കില്‍ കര്‍ഷകന് യഥാസമയം ഉല്‍പ്പന്നത്തിന് വില നല്‍കുന്നതിന് എന്ത് ബദല്‍ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി മണ്ഡലത്തിലെ കേരഫെഡ് കേന്ദ്രത്തിൽ പച്ചത്തേങ്ങ സംഭരണം</u>

3361 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ കേരഫെഡ് കേന്ദ്രത്തിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഉല്പന്ന നിർമ്മാണത്തിനും നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

3362 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ് തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) റബ്ബർ സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനും തീരുവ ഉയർത്തുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പഠിയ്ക്കാൻ ഒരു കമ്മീഷനെ നിയമിക്കാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

റബ്ബറിന്റെ തറവില

3363 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ തറവില എത്ര രൂപയായാണ് നിശ്ചയിച്ചിട്ടുളളത്;

(ബി) തറവില വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>റബ്ബർ വിലയിടിവ് തടയാൻ കേന്ദ്രതലത്തിൽ നടത്തിയ കൂടി കാഴ്ചകൾ</u>

3364 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ റബ്ബറിന്റെ വില എത്ര തവണ കുറഞ്ഞെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് റബ്ബറിന്റെ വില ക്വിന്റലിന് എത്ര രൂപയാണെന്ന് വിശദമാക്കാമോ;

(സി) റബ്ബർ വിലയിടിവ് തടയാൻ മുഖ്യമന്ത്രിയുൾപ്പടെയുളള മന്ത്രിമാരും, സംസ്ഥാനത്തെ എം.പി മാരും, കേന്ദ്രത്തിൽ പ്രധാനമന്ത്രിയുമായും, യു. പി. എ അദ്ധ്യക്ഷയുമായും കേന്ദ്ര വാണിജ്യ വകുപ്പു മന്ത്രിയുമായും എത്ര തവണ കൂടിക്കാഴ്ച നടത്തിയെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കൂടിക്കാഴ്ചയിൽ നൽകിയ ഉറപ്പുകൾ എന്തെല്ലാം; അവയിൽ ഇതിനകം പാലിക്കപ്പെട്ടവ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതി</u>

3365 ശ്രീ. സി. പി. മുഹമ്മദ്
'' ഐ.സി. ബാലകൃഷ്ണൻ
'' വി. ഡി. സതീശൻ
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) ആരെയെല്ലാമാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ കർഷക പെൻഷൻ വിതരണം</u>

3366 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതു കാലയളവു വരെയുള്ള കർഷക പെൻഷനാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്;

(ബി) ജില്ലയിൽ വിവിധ കൃഷി ആഫീസുകളിലായി എത്ര കർഷക പെൻഷൻ അപേക്ഷകളിൽ തീർപ്പുകല്പിക്കപ്പെടേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2013 മാർച്ചിനുശേഷം ജില്ലയിൽ എത്രപേർക്ക് പുതിയതായി കർഷക പെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ഡി) ജില്ലയിൽ കർഷകപെൻഷൻ കുടിശ്ശിക കൂടാതെ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലുള്ള കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

3367 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളിൽ കൃഷി ഓഫീസർമാർ ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ കൃഷി ഓഫീസർ ഇല്ലാത്ത എത്ര കൃഷിഭവനുകളാണ് ജില്ലയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കൃഷി ഓഫീസർമാരുടെ നിയമനം നടക്കാത്തതുകാരണം പല പദ്ധതികളും യഥാസമയം പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) കൃഷി ഓഫീസർമാരുടെ ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വെള്ളായണി കാര്‍ഷിക കോളേജ് ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>

3368 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വെള്ളായണി കാര്‍ഷിക കോളേജില്‍ നിന്നും വിരമിച്ച സ്ഥിര ജീവനക്കാരായ തൊഴിലാളികള്‍ക്ക് 2004-ലെയും 2009-ലെയും ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങള്‍ ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശികയായ തുക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൃഷി ഭവനുകളുടെ പ്രവർത്തനങ്ങൾ</u>

3369 ശ്രീ. ആർ. സെൽവരാജ്
'' ഐ. സി. ബാലകൃഷ്ണൻ
'' ഡൊമനിക് പ്രസന്റേഷൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കർഷകരുടെ കൃഷി വിവരങ്ങളും അടിസ്ഥാന വിവരങ്ങളും കൃഷി ഭവൻ വഴി ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കൃഷി ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത</u>

3370 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന് തടസ്സമാകുംവിധം കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷി ഭവനുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കാസർഗോഡ് പീലിക്കാട് ഫാമിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി

3371 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രമായ പീലിക്കാട് ഫാമിൽ ജീവനക്കാരുടെ നിരവധി ഒഴിവുകൾ വർഷങ്ങളായി ഉണ്ടായിട്ടും ഇവ നികത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻമണ്ഡലത്തിലെ കൃഷിഭവനിലെ പാർട്ട് -ടൈം സ്വീപ്പർ നിയമനം</u>

3372 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻമണ്ഡലത്തിലെ കൃഷിഭവനിൽ കാഷ്വൽ സ്വീപ്പർമാരായി 10 വർഷത്തിലേറെയായി ജോലി ചെയ്തു വരുന്ന വരെ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അഗ്രികൾച്ചർ അസിസ്റ്റന്റ് ഒഴിവുകൾ</u>

3373 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം ഗ്രേഡ് അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്ത പക്ഷം ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

## കൃഷിവകുപ്പിലെ ഒഴിവുകൾ

3374 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റ് ഗ്രേഡ്-II, ഗ്രേഡ്-I, അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നീ തസ്തികകളിൽ കൃഷി വകുപ്പിൽ ആകെ എത്ര വീതം തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ടെന്നും ആയതിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാണോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇപ്പോൾ വകുപ്പിൽ നിലവിലില്ലാത്തവർ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത ആളുകളെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

3375 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' ജോസഫ് വാഴക്കൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുളളത്; വിശദമാക്കുമോ;

(ബി) എത്ര പദ്ധതികളിലായാണ് പ്രവർത്തനങ്ങൾ നടന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിലെ കേന്ദ്ര സംസ്ഥാന പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നബാർഡിന്റെ എന്തെല്ലാം ധനസഹായങ്ങളാണ് ഇതിന് ലഭിച്ചത്;വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>മണ്ണിന്റെ ഉല്പാദനക്ഷമതയും ഗുണമേന്മയും സംരക്ഷിക്കാൻ നടപടി</u>

3376 ശ്രീ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ഉല്പാദനക്ഷമതയും ഗുണമേന്മയും കുറയുന്നതിനെക്കുറിച്ച് ഭൂവിനിയോഗബോർഡ് പഠനം നടത്തിയതായി അറിയാമോ; എങ്കിൽ ഇതിൽ വെളിപ്പെട്ട വിവരങ്ങൾ വിശദമാക്കുമോ;

(ബി) ഇതിലേയ്ക്ക് നയിച്ച കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ പുനരുദ്ധാരണ സംരക്ഷണ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഏതൊക്കെ വകുപ്പുകൾക്ക് ഉപദേശം നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള അസ്കാഡ് പദ്ധതി</u>

3377 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള 'അസ്കാഡ്' പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതെല്ലാം രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവെപ്പുകളാണു നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തു വ്യാപകമായിക്കൊണ്ടിരിക്കുന്ന കുളമ്പുരോഗത്തെ പ്രതിരോധിക്കാൻ പ്രസ്തുത പദ്ധതിയുടെ കീഴിൽ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>കുളമ്പുരോഗംമൂലമുള്ള നാശനഷ്ടങ്ങൾ</u>

3378 ശ്രീ. മാത്യു ടി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടർന്ന് പിടിച്ച കുളമ്പുരോഗം നിയന്ത്രണ വിധേയമായിട്ടുണ്ടോ ;

(ബി) കുളമ്പുരോഗം എത്രത്തോളം നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) കുളമ്പുരോഗംമൂലം പശുക്കൾ ചത്ത ക്ഷീരകർഷകർക്ക് മൃഗസംരക്ഷണവകുപ്പിന്റെയും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) കുളമ്പുരോഗത്തിനുള്ള ഗുണനിലവാരമില്ലാത്ത വാക്സിൻ കുത്തിവെച്ചതും രോഗചികിത്സയ്ക്കുള്ള മരുന്നുകൾ രോഗം പടർന്ന് പിടിച്ച അവസരങ്ങളിൽ മൃഗാശുപത്രികളിൽ ഇല്ലായിരുന്നതും എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ ഉറവിടം</u>

3379 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ കുളമ്പുരോഗത്തിന്റെ ഉറവിടത്തെ സംബന്ധിച്ച കണ്ടെത്തലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗം മനുഷ്യനിലേക്ക് പകരുന്നതായി ഏതെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ്</u>

3380 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പു നടത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തു തുകയുടെ മരുന്നു വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതു കമ്പനിയുടെ എത്ര അളവിലുള്ള മരുന്നുകൾ വാങ്ങി എന്നും അതിൽ എത്ര ഉപയോഗിച്ചു എന്നും വിശദമാക്കാമോ;

(സി) കുളമ്പുരോഗ പ്രതിരോധ മരുന്നുകൾ നിലവാരമില്ലാത്തതാണെന്നതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം

3381 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുളമ്പുരോഗം ബാധിച്ച് ചികിത്സിക്കുകയോ ജീവനാശം സംഭവിക്കുകയോ ചെയ്തതുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും നഷ്ടപരിഹാരത്തിന്റെയും വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>ഹോമിയോ മരുന്നുകളുപയോഗിച്ച് കുളമ്പുരോഗം തടയുന്നതിനുള്ള നടപടികൾ</u>

3382 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലടക്കം വ്യാപകമായി കന്നുകാലികളിൽ പടർന്നുപിടിച്ച കുളമ്പുരോഗമടക്കമുള്ള മാരകരോഗങ്ങൾ ഹോമിയോ മരുന്നുകളുപയോഗിച്ച് ചികിത്സിച്ചു ഭേദമാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവരുന്ന മാടുകൾ</u>

3383 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനു പുറത്തുനിന്നു മാടുകളെ കൊണ്ടുവരുന്നതു നിരോധിച്ചിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അസുഖം ബാധിച്ചിട്ടില്ലാത്ത കാലികളെ പരിശോധനയ്ക്കു വിധേയമാക്കിയശേഷം ഭക്ഷ്യാവശ്യത്തിനു കൊണ്ടുവരുന്നതിനു തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) നിരോധനംമൂലം ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

'കുഞ്ഞുകൈകളിൽ കോഴികുഞ്ഞ്'' പദ്ധതി

3384 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കുഞ്ഞുകൈകളിൽ കോഴികുഞ്ഞ്'' പദ്ധതി കുട്ടനാട്ടിലെ വീയപുരം ഗവൺമെന്റ് ഹൈസ്കൂളിൽ നടപ്പിലാക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ .

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>റൂറൽ കിച്ചൺ ബാക്ക് പൗൾട്രി വികസനപദ്ധതി</u>

3385 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുവേണ്ടി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന റൂറൽ കിച്ചൺ ബാക്ക് പൗൾട്രി വികസനപദ്ധതിയിൽ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചു വ്യക്തമായ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, എയ്ഡഡ് സ്കൂൾ കുട്ടികളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് വെറ്ററിനറി പോളിക്ലിനിക്ക്</u>

3386 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കാഞ്ഞങ്ങാട് ആസ്ഥാനമായി വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് എവിടെയൊക്കെ വെറ്ററിനറി പോളിക്ലിനിക്കുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

മൃഗാശുപത്രിക്കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട്

3387 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി മൃഗാശുപത്രി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണത്തിനു ഫണ്ട് അനുവദിക്കുമോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഐ.സി.ഡി.പി. സബ്-സെന്ററുകൾ പുതിയതായി അനുവദിക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് കയ്യൂരിൽ വെറ്ററിനറി സർവ്വകലാശാല കേന്ദ്രം</u>

3388 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വെറ്ററിനറി സർവ്വകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; ഇതിന് ആവശ്യമായ സ്ഥലം കയ്യൂർ വില്ലേജിൽ വകുപ്പ് അധികൃതർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേന്ദ്രം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>താമരശ്ശേരി താലൂക്കിൽ പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി</u>

3389 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടേതായി ഒരേക്കറോളം ഭൂമിയും, ആശുപത്രിയുടെ പ്രധാന കെട്ടിടവും, ലബോറട്ടറി കെട്ടിടവും, ക്വാർട്ടേഴ്സും വേണ്ടത്ര പ്രയോജനപ്പെടുത്താത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) താമരശ്ശേരി താലൂക്കിൽ ഒരു പോളിക്ലിനിക്ക് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൗതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇവിടെ ഒരു പോളിക്ലിനിക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കപ്പിക്കാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിക്കാമോ;

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>മൃഗപരിപാലനം</u>

3390 ശ്രീ. കെ. വി. വിജയദാസ്
,, കെ. കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗപരിപാലന വ്യാപനത്തിന്റെ ഭാഗമായി 2011–12ലും 2012–13ലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കുളമ്പ് രോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്ഷീരകർഷകരെ പ്രത്യേകിച്ചും അറിയിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ നടത്തപ്പെടുമ്പോഴും കുളമ്പ് രോഗം പടർന്ന് പിടിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>സംയോജിത കന്നുകാലി വികസന പദ്ധതി</u>

3391 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കർഷകർക്ക് എത്ര ശതമാനം സബ്സിഡിയാണ് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

ഐ.സി.ഡി.പി. സബ് -സെന്ററുകൾ

3392 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിൽ ഇപ്പോൾ ഐ.സി.ഡി.പി. സബ് -സെന്ററുകൾ മൃഗാശുപത്രികളോടു സംയോജിപ്പിച്ചാണോ പ്രവർത്തിച്ചുവരുന്നത്;

(ബി) ഐ.സി.ഡി.പി. സബ് -സെന്ററുകൾ ആർ.എ.എസ്.സി.യോടു ചേർത്ത് പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഐ.സി.ഡി.പി. സബ് -സെന്ററുകൾ മൃഗാശുപത്രികളോടു സംയോജിപ്പിച്ച് നിലവിൽ പ്രവർത്തിക്കുന്ന രീതിയിൽത്തന്നെ തുടർന്നും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

<u>പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

3393 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>പെൻഷൻബുക്കുകളും സർവ്വീസ് ബുക്കുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടി</u>

3394 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ ബുക്കുകളും സർവ്വീസ് ബുക്കുകളും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിനുള്ള ബുക്കുകളും ആവശ്യാനുസരണം നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് II തസ്തികകൾ</u>

3395 ശ്രീ. എസ് ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

1976 ലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ വരുന്നതിന് മുമ്പ് കേരളത്തിലെ സർക്കാർ പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് II ൽ എത്ര തസ്തികകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; അതിന് ശേഷം പുതുതായി എത്ര തസ്തികകൾ കൂടി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് ആരംഭിക്കുന്നതിന് നടപടി</u>

3396 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ പ്രസ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പ്രസ്സ് അനുവദിച്ച് ഉത്തരവാകുമോ; വ്യക്തമാക്കാമോ?